# JUNE 2022 NSS ACTIVITIES

JUNE 1

പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം നടത്തി.

പുകയില വിരുദ്ധ ദിനത്തെ കുറിച്ചുള്ള ചോദ്യങ്ങൾ അടങ്ങുന്ന ക്വിസ്മത്സരം ആയിരുന്നു നടത്തിയത്. ഓൺലൈൻ വഴി നടത്തിയ ക്വിസ് മത്സരത്തിൽ ആദ്യം വാട്സ്ആപ്പ് ഗ്രൂപ്പ് നിർമ്മിക്കുകയും താല്പര്യം ഉള്ളവരെ അതിൽ ചേർക്കുകയും ചോദ്യങ്ങൾ അടങ്ങുന്ന ഗൂഗിൾ ഫോം അവരിലേക്ക് എത്തിക്കുകയും അതിലൂടെ ശരി ഉത്തരങ്ങൾ നൽകി ഏറ്റവും ഉയർന്ന മാർക്ക് നേടി ഒരാളെ വിജയിയായ തെരഞ്ഞെടുക്കുകയും ചെയ്തു.







JUNE 3

ആരംഭം എന്ന പദ്ധതിയിലൂടെ പരമാവധി ആളുകളിൽ നിന്നും പഠനോപകരണങ്ങൾ ശേഖരിക്കുകയും പഠനോപകരണങ്ങൾ നേരിട്ട് എത്തിക്കാൻ കഴിയാത്തവരിൽ നിന്ന് പഠനോപകരണങ്ങൾക്കായുള്ള ചിലവ് പണമായി സ്വീകരിച്ചുകൊണ്ടും എൻഎസ്എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ നിർധനരായ കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.







JUNE 5

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എൻഎസ്എസ് വളണ്ടിയർമാർ അവരവരുടെ വീടുകളിൽ വൃക്ഷത്തൈകൾ നട്ടു.











JUNE 15

തൃശ്ശൂർ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന World Elder Abuse Awareness Day ആഘോഷത്തോടനുബന്ധിച്ചുള്ള പരിപാടിയിലും, കാൽനട ജാഥയിലും, സ്റ്റേജ് പരിപാടികളിലും, ഫ്ലാഷ് മോബിലും കേരളവർമ്മ എൻഎസ്എസ് യൂണിറ്റിലെ വിദ്യാർത്ഥികൾ പങ്കാളികളായി.






JUNE 20




വായനാദിന മാസാചരണത്തിന്റെ തൃശൂർ ജില്ലാ തല ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും പൊതു വിവരാവകാശ വകുപ്പിന്റെയും നെഹ്റു യുവകേന്ദ്രയുടെയും ആഭിമുഖ്യത്തിൽ എൻഎസ്എസ് യൂണിറ്റുകളിലെ മേൽനോട്ടത്തോടുകൂടി കേരളവർമ്മ കോളേജിൽ നടന്നു. പ്രസ്തുത പരിപാടിയിൽ വിശിഷ്ട അതിഥിയും അധ്യക്ഷയും ആയി എത്തിയത് ഹരിത വി കുമാർ ഐഎഎസ് (തൃശ്ശൂർ ജില്ലാ കളക്ടർ) ആയിരുന്നു. പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചതും വായനാദിന പ്രതിജ്ഞ ചൊല്ലിയതും മലയാളത്തിലെ പ്രശസ്ത എഴുത്തുകാരനും കേരളവർമ്മ കോളേജിലെ മുൻ പ്രൊഫസറും  ആയിരുന്ന കെ സച്ചിതാനന്ദൻ ആണ്.








JUNE 23

വായനാദിനത്തോടനുബന്ധിച്ച് എൽപി സ്കൂളിൽ വായനശാല നിർമ്മാണത്തിന് വേണ്ടി കുട്ടികൾക്കായി പുസ്തകങ്ങൾ സമാഹരിച്ച് നൽകി.

കുട്ടികളിലെ വായനാശീലം വളർത്തുവാനും കുട്ടികളെ വായനയുടെ ലോകത്തേക്ക് കൂട്ടിക്കൊണ്ടു പോകാനുമാണ് വായനശാല നിർമ്മാണം എന്ന മാർഗ്ഗം ഞങ്ങൾ സ്വീകരിച്ചത്. കുട്ടികൾക്ക് ഇണങ്ങുന്ന ചെറുകഥകളും, കവിതകളും അടങ്ങുന്ന ഉപയോഗിച്ച കേട്ടുകൂടാത്ത പുസ്തകങ്ങളും, ധനസമാഹരണത്തിലൂടെ വാങ്ങിയ പുതിയ പുസ്തകങ്ങളുമാണ് വായനശാല നിർമ്മാണത്തിനായി  സമാഹരിച്ചു നൽകിയത്.


SREE KERALAVARMA COLLEGE
NSS UNITS 41&162
പുത്തകം
വായനാദിനത്തോടനുബന്ധിച്ച് എൽ. പി
സ്കൂളിൽ വായനശാല നിർമ്മാണത്തിനായി
നിങ്ങളാൽ കഴിയുന്ന വിധത്തിൽ പുസ്തകങ്ങൾ
ഞങ്ങളിലേക്ക് എത്തിക്കുക. (പുസ്തകങ്ങൾ
കുട്ടികൾക്ക് വായിക്കാവുന്നതായിരിക്കാൻ
ശ്രദ്ധിക്കുമല്ലോ അല്ലേ ? )
പുസ്തകങ്ങൾ നേരിട്ട് എത്തിക്കാൻ
പറ്റാത്തവർക്ക് പണം അയക്കാവുന്നതാണ്.
Pay Madhavi:8089407568
Further enquires : gayathri - 7306762430
@nssskvc


SREE KERALAVARMA COLLEGE
NSS UNITS 41&162
പുത്തകം
വായനാദിനത്തോടനുബന്ധിച്ച് എൽ. പി സ്കൂളിൽ
വായനശാല നിർമ്മാണത്തിനായി പുസ്തകങ്ങൾ
സമാഹരിച്ച് നൽകി. പുസ്തകങ്ങളായും പണമായും ഈ
ഉദ്യമത്തിൽ ഞങ്ങളോടൊപ്പം കൈകോർത്ത
എല്ലാവർക്കും നന്ദി...!
@nssskvc

JUNE 24

വായനാദിനത്തോടനുബന്ധിച്ച് വായനാവാര ക്വിസ് മത്സരം നടത്തി.

വായനാദിനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ അടങ്ങുന്ന ഓൺലൈൻ ക്വിസ് മത്സരം ആണ് നടത്തിയത് വാട്സ്ആപ്പ് ഗ്രൂപ്പ് നിർമ്മിക്കുകയും മത്സരാർത്ഥികളെ അതിൽ അംഗമാക്കുകയും പിന്നീട് ചോദ്യങ്ങൾ അടങ്ങുന്ന ഗൂഗിൾ ഫോം അവർക്ക് നൽകി അതിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ ഒരാളെ വിജയിയായി തിരഞ്ഞെടുക്കുകയും ചെയ്തു.




SREE KERALAVARMA COLLEGE
NSS UNITS 41&162
വായനാവാര
ക്വിസ് മത്സരം
WINNER
Varsha Prasannan
Congratulations
@nssskvc